Mathrubhumi
മാതൃഭൂമി 11 May 2022

# മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് വേണമെന്ന് ആവശ്യം

ചെന്നൈ ▸ സമുദ്രജലനിരപ്പ് ഉയരുന്നതും കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുള്ള മറ്റ് പ്രകൃതിദുരന്തങ്ങളും വർധിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് നടപ്പിലാക്കണമെന്ന് ആവശ്യം. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.), ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ, തമിഴ്നാട് ഫിഷറീസ് സർവകലാശാല എന്നിവ ചേർന്ന് ലോകബാങ്കിന്റെ സഹകരണത്തോടെ നടത്തിയ രാജ്യാന്തര സിമ്പോസിയത്തിലാണ് ഈ ആവശ്യമുയർന്നത്.

ചുഴലിക്കാറ്റ്, കടൽക്ഷോഭം പോലുള്ള പ്രകൃതിദുരന്തങ്ങളാൽ നഷ്ടം സംഭവിക്കുന്നവരെ പ്രത്യേകം സംരക്ഷിക്കാൻ സൂചിക ഇൻഷുറൻസ് പരിരക്ഷയാണ് വേണ്ടത്. കാലാവസ്ഥാ മോഡലിങ് വഴി ചുഴലിക്കാറ്റ് ബാധിത പ്രദേശങ്ങൾ മനസ്സിലാക്കി ആ പരിധിയിൽ വരുന്ന എല്ലാവർക്കും നഷ്ടപരിഹാരം ഉറപ്പാക്കുന്നതാണ് സൂചിക ഇൻഷുറൻസ്.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. സി. സുവർണ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. ഡോ. കെ.എസ്. പളനിസ്വാമി, ഡോ. ജെ.കെ. ജെന, ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.



മത്സ്യമേഖലയിലെ ഇൻഷുറൻസ് പരിരക്ഷയുമായി ബന്ധപ്പെട്ട് ചെന്നൈയിൽ നടന്ന രാജ്യാന്തര സിമ്പോസിയം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഡോ. സി. സുവർണ ഉദ്ഘാടനം ചെയ്യുന്നു